(ബി) പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കപ്പെട്ടിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഇനിയും പാലിക്കപ്പെടാത്തവ ഏതൊക്കെയെന്നും വിശദീകരിക്കാമോ ;

(ഡി) വ്യവസ്ഥകൾ പൂർണ്ണമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പാരിസ്ഥിതിക അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ അനുബന്ധത്തിൽ കാണാവുന്നതാണ്.*

(സി&ഡി) വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടുണ്ട്.

ചെറുവത്തൂർ മത്സ്യബന്ധന ഇറമുഖത്തിന്റെ നിർമ്മാണം

95 (1800) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ മത്സ്യബന്ധന ഇറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ച് എന്നത്തേക്ക് ഇറനുകൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഇറമുഖവുമായി ബന്ധപ്പെട്ട് പുതുതായി എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ മത്സ്യബന്ധന ഇറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഉദ്ഘാടനത്തിന് സജ്ജമായിരിക്കുകയാണ്, ഉദ്ഘാടനം ആഗസ്റ്റ് മാസത്തിൽ നടക്കും.

(ബി) പ്രസ്തുത ഇറമുഖവുമായി ബന്ധപ്പെട്ട് ഏകദേശം 2000 ആളുകൾക്ക് പ്രത്യക്ഷമായും 6000 ആളുകൾക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാകുമെന്നാണ് പ്രതീക്ഷ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly